

പാലക്കാട് നാളികേര ഉത്പാദക കമ്പനിയുടെ കഞ്ചിക്കോട്ടെ നീര വിപണന കേന്ദ്രം ഉദ്ഘാടനം ചെയ്ത ശേഷം പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ നീര കുടിക്കുന്നു.

# വിദേശ കുത്തകകളെ തുരത്താൻ നീരയ്ക്ക് കഴിയും: വി.എസ്

കൊച്ചി: ബഹുരാഷ്ട്ര കുത്തക കമ്പനികൾ നിർമ്മിക്കുന്ന ശീതള പാനീയങ്ങളെമറികടന്ന്ജനങ്ങൾക്കിടെയിൽമികച്ചസ്വീകാര്യത നേടാൻനീരയ്ക്ക്കഴിയുമെന്ന്പ്രതിപക്ഷനേതാവ്വി.എസ്. അച്യുതാനന്ദൻപറഞ്ഞു. പാലക്കാട്കോക്കനട്ട്പ്രൊഡ്യൂസർകമ്പനികഞ്ചിക്കോട്ആരംഭിച്ചനീര വിപണന കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദേശ ശീതള പാനീയങ്ങൾ ആരോഗ്യപ്രശ്നങ്ങൾസൃഷ്ടിക്കുന്ന സാഹചര്യം മുതലെടുക്കാൻ നീരയ്ക്ക് കഴിയും. നീരയുടെ ഉത്പാദനവും ഉപയോഗവും കർഷകർക്ക് കൂടുതൽ വരുമാനം നേടിത്തരും. ധാരാളം തൊഴിലവസരങ്ങൾ ഈ മേഖല സൃഷ്ടിക്കുന്നുണ്ടെന്നത്ആശാവഹമാണ്. ആദ്യ വർഷം തന്നെനാല്ശതമാനംലാഭവിഹിതം നൽകാൻസാധിച്ച പാലക്കാട്നാളികേരഉത്പാദകകമ്പനിയുടെപ്രവർത്തനംമാതൃകാപരമാണെന്നും അദ്ദേഹംപറഞ്ഞു. നീരചെത്താൻ ലൈസൻസ്ലഭിച്ച മുതലമട ഫെഡറേഷന്റെ മുതലമടയിലെ നീര കോൾഡ്സ്റ്റോറിൽ നിന്നാണ്നീരവിപണിയിലെത്തിക്കുന്നത്. കാസർഗോഡ് സി.പി.സി.ആർ.ഐയുടെസാങ്കേതിക വിദ്യയാണ്നീര ചെത്താൻകമ്പനിസ്വീകരിച്ചിട്ടുള്ളത്. നാളികേരവികസനബോർഡിന്റെയുംമൈസൂർസി.എഫ്.ടി.ആർ.ഐയുടെയും സാമ്പത്തിക സഹായത്തോടെയാണ്നീര ഉത്പാദനവും വിപണനവും.

നീരയോടൊപ്പം മറ്റ്നാളികേരഉത്പന്നങ്ങളും 'കോക്കനട്ട്പോയിന്റ്' എന്നുപേരിട്ട വിപണന കേന്ദ്രത്തിൽ ലഭിക്കും. 200 മില്ലിലിറ്ററിന് 25 രൂപ നിരക്കിലാണ് നീരയുടെ വില. സംസ്ഥാനത്ത് നൂറിലധികം വിപണന കേന്ദ്രങ്ങൾ തുറക്കാനും പാലക്കാട്നാളികേര ഉത്പാദകകമ്പനിക്ക്ലക്ഷ്യമുണ്ട്. ചടങ്ങിൽകമ്പനിചെയർമാൻപി. വിനോദ്കുമാർ അദ്ധ്യക്ഷത വഹിച്ചു.